ലാബ് ടെക്നീഷ്യൻ ഗ്രേഡ്-II തസ്തിക സൃഷ്ടിക്കൽ

97(797) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആരോഗ്യ വകുപ്പിലെ ലാബ് ടെക്നീഷ്യൻ ഗ്രഡ് II തസ്തിക സൃഷ്ടിക്കൽ നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിൽ സംസ്ഥാനത്തൊട്ടാകെ വിവിധ ആശുപത്രികളിൽ ലാബ് ടെക്നീഷ്യൻ ഗ്രേഡ്-II-ന്റെ 667 പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് (ഗ്രേഡ്-II) തസ്തികയിലേക്ക് പി.എസ്.സി. പരീക്ഷ

98(798) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 636/12-ാം കാറ്റഗറി നമ്പറായി ജെ.പി.എച്ച്.എൻ. (ഗ്രേഡ്-II) തസ്തികയിലേക്ക് പി.എസ്.സി. പരീക്ഷ നടത്തിയതിൽ റിപ്പോർട്ട് ചെയ്തിരുന്ന ഒഴിവുകൾ എൻ.സി.എ. ഒഴിവുകൾ ആയിരുന്നോ;

(ബി) പ്രസ്തുത പരീക്ഷയുടെ റാങ്ക് ലിസ്റ്റിൽ എത്ര പേർ ഉൾപ്പെട്ടിട്ടുണ്ടായിരുന്നു;

(സി) പ്രസ്തുത ലിസ്റ്റിൽനിന്നും എത്ര പേർക്ക് നിയമനം നൽകി;

(ഡി) എത്രപേർക്ക് നിയമന ശിപാർശ നൽകി; നിയമന ശിപാർശ ലഭിച്ചവർക്ക് നിയമനം നൽകുമോ ?

ഉത്തരം

(എ) ആരോഗ്യ വകുപ്പിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്- II തസ്തികയുടെ തിരുവനന്തപുരം, പാലക്കാട് ജില്ലകളിൽ മുസ്ലീം സംവരണ വിഭാഗത്തിനുള്ള 2-ാം NCA വിജ്ഞാപനമാണ് കാറ്റഗറി നമ്പർ 636/12 ആയി പ്രസിദ്ധം ചെയ്തത്.

(ബി) പാലക്കാട് ജില്ലയുടെ റാങ്ക് പട്ടികയിൽ 4 പേരും തിരുവനന്തപുരം ജില്ലയുടെ റാങ്ക് പട്ടികയിൽ 18 പേരും ആണ് ഉൾപ്പെട്ടിരുന്നത്.

(സി) 2 പേർക്ക് തിരുവനന്തപുരം ജില്ലയിലും 4 പേർക്ക് പാലക്കാട് ജില്ലയിലും നിയമനം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly